# പരസ്യം

ചോറ്റാനിക്കര ദേവസ്വം അസിസ്റ്റന്റ് കമ്മീഷണറുടെ ഓഫീസിൽ നിന്നും അറിയിക്കുന്നത് എന്തെന്നാൽ

കൊച്ചിൻ ദേവസ്വം ബോർഡ് ഭരണത്തിൽ ഇരിക്കുന്ന ചോറ്റാനിക്കര ദേവസ്വം വകയായിട്ടുള്ളതും, ക്ഷേത്രത്തിന്റെ പടിഞ്ഞാറെ നടയിൽ വടക്ക ഭാഗത്തുള്ള ഷോപ്പിംഗ് കോംപ്ലക്സ് കെട്ടിടത്തിന്റെ വടക്കെ അറ്റത്ത് റോഡിനോട് ചേർന്ന് വടക്കെ ഗേറ്റിന്റെ കിഴക്ക് വശമായി നിലകൊള്ളുന്നതും, ചോറ്റാനിക്കര ഗ്രാമപഞ്ചായത്തിൽ നിന്നും 3/620 എന്ന നമ്പർ ലഭിച്ചിട്ടുള്ളതുമായ കെട്ടിടം വാടകയ്ക്ക് ഏറ്റെടുത്ത് നടത്തുവാൻ താൽപ്പര്യമുള്ളവരിൽ നിന്നും ഓഫറുകൾ സ്വീകരിക്കുന്നതിന് തീരുമാനിച്ചിരിക്കുന്നു. പരിസര മലിനീകരണത്തിനു കാരണമായേക്കാവുന്ന ഹോട്ടൽ തുടങ്ങിയ ബിസിനസ്സുകൾക്ക് കടമുറി അനുവദിക്കുന്നതല്ല.

വെള്ളക്കടലാസിൽ തയാറാക്കിയ ടെണ്ടറുകൾ 25-01-2018-ാം തിയതി 3 മണിക്ക് ദേവസ്വം അസിസ്റ്റന്റ് കമ്മീഷണറുടെ ഓഫീസിൽ സ്ഥാപിച്ചിട്ടുള്ള ടെണ്ടർ ബോക്സിൽ നിക്ഷേപിക്കേണ്ടതാണ്. അന്നേദിവസം ഉച്ചതിരിഞ്ഞ് 3.30 മണിക്ക് ഹാജരായിട്ടുള്ള ടെണ്ടർ നിക്ഷേപകരുടെ സാന്നിദ്ധ്യത്തിൽ തുറക്കുന്നതും, ചതുരശ്രീ അടിക്ക് ഏറ്റവും കൂടുതൽ ഓഫർ നൽകിയ ആൾക്ക് കൊച്ചിൻ ദേവസ്വം ബോർഡിന്റെ നിലവിലെ കടമുറി വാടകയ്ക്ക് നൽകുന്ന നിബന്ധനകൾക്കും, വ്യവസ്ഥകൾക്കും, അംഗീകാരത്തിനും വിധേയമായി കടമുറി ഏൽപ്പിച്ചു കൊടുക്കുന്നതുമാകുന്നു.

ടെണ്ടറിനോടൊപ്പം ചോറ്റാനിക്കര അസിസ്റ്റന്റ് കമ്മീഷണറുടെ പേരിൽ വിജയ ബാങ്കിന്റെ ചോറ്റാനിക്കര ശാഖയിൽ മാറാവുന്ന 5,000/- ക.യുടെ ഡിമാന്റ് ഡ്രാഫ്റ്റും അടക്കം ചെയ്യേണ്ടതാണ്. കൂടാതെ പൂർണ്ണമായ മേൽവിലാസവും, ഫോൺ നമ്പറും, കെട്ടിടം എന്താവശ്യത്തിനാണ് ഉപയോഗിക്കുന്നത് എന്നവിവരവും വ്യക്തമായി രേഖപ്പെടുത്തേണ്ടതാണ്.

ഏറ്റവും കൂടുതൽ സംഖ്യയ്ക്ക് ടെണ്ടർ സമർപ്പിച്ച ആൾ ദേവസ്വം മരാമത്ത് വിഭാഗത്തിന്റെ നിർദ്ദേശങ്ങൾ പാലിച്ച് കടമുറി സ്വന്തം ചിലവിൽ നവീകരിക്കേണ്ടതും ആയതിനുള്ള അപേക്ഷയോടൊപ്പം കെട്ടിടം നവീകരിക്കുന്നതുമായി ബന്ധപ്പെട്ട് പ്ലാനും സമർപ്പിക്കേണ്ടതാണ്.

ടെണ്ടറിനെ സംബന്ധിച്ച് കൂടുതൽ വിവരങ്ങൾ അറിയുവാനായി ഓഫീസ് സമയങ്ങളിൽ ചോറ്റാനിക്കര ദേവസ്വം അസിസ്റ്റന്റ് കമ്മീഷണറാഫീസിലോ, സത്രം ഓഫീസിലോ അന്വേഷിക്കാവുന്നതാണ്.

ടെണ്ടർ നടപടി മാറ്റി വയ്ക്കുന്നതിനോ, റദ്ദ് ചെയ്യുന്നതിനോ, യുക്തമായ മറ്റു തീരുമാനം എടുക്കുന്നതിനോ താഴെ ഒപ്പിട്ടിരിക്കുന്ന ആൾക്ക് പൂർണ്ണ അധികാരം ഉണ്ടായിരിക്കുന്നതാണ്.

8/1/18

അസിസ്റ്റന്റ് കമ്മീഷണർ,

ചോറ്റാനിക്കര ദേവസ്വം

ചോറ്റാനിക്കര

8.1.18